Draft #1 of File 31882/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Mar-2023 11:03 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല നൽകുന്ന വിവിധ സേവനങ്ങൾ - സർവകലാശാല വിദ്യാർത്ഥികൾക്ക് ഇഷ്യൂ ചെയ്ത പ്രമാണങ്ങളുടെ ആധികാരികത പരിശോധനയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഫീസ് ചുമത്തി പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തത വരുത്തിക്കൊണ്ടുള്ള തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3348/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.03.2023

---

*പരാമർശം:*-സർവ്വകലാശാല ഉത്തരവ് നമ്പർ 4193 /Ac A1/2020 /എം.ജി.യു. തീയതി 22.09.2020.

**<u>ഉത്തരവ്</u>**

സർവകലാശാല വിദ്യാർത്ഥികൾക്ക് ഇഷ്യൂ ചെയ്ത പ്രമാണങ്ങളുടെ ആധികാരികത പരിശോധനയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഫീസ് ചുമത്തി പുറപ്പെടുവിച്ച പരാമർശം ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ ഏജൻസികളുടെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ ഉൾപ്പെടും എന്നത് സംബന്ധിച്ച് പരീക്ഷാ വിഭാഗത്തിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ആയത് പരിഗണിച്ച് പരാമർശം ഉത്തരവ് താഴെ പറയും പ്രകാരം വ്യക്തത നൽകി പരിഷ്കരിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | നിലവിലെ ഉത്തരവ് | സ്പഷ്ടീകരണം | റിമാർക്സ് (അധികമായി ഉൾപ്പെടുത്തേണ്ടത്) |
|---|---|---|---|
| 1 | മറ്റു സർവ്വകലാശാലകൾ | ഇന്ത്യയിലെ മറ്റു സർവ്വകലാശാലകളിൽ നിന്നും നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ | |
| 2 | | ഇന്ത്യയുടെ വിദേശരാജ്യങ്ങളിലുള്ള എംബസികൾ, വിദേശരാജ്യങ്ങളുടെ ഇന്ത്യയിലെ എംബസികൾ, ഹൈ കമ്മീഷനുകൾ, | • വിദേശ സർവ്വകലാശാലകൾ |

Draft #1 of File 31882/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Mar-2023 11:03 AM - Page 2

| | | | |
|---|---|---|---|
| | ഫോറിൻ എംബസികൾ | കോൺസുലേറ്റ് ജനറലുകൾ എന്നിവിടങ്ങളിൽ നിന്നും നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ | • വിദേശ സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള എല്ലാ വിദേശ ഏജൻസികളിൽ നിന്നും ഡോളർ നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണ്<br>• ബാങ്കുകൾ,KSEB തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള അപേക്ഷകളിൻമേൽ ഫീസ് ഈടാക്കേണ്ടതാണ്.<br>• വിദേശ രാജ്യങ്ങളുടെ വിദേശത്തുള്ള എംബസികൾ/അവർ ചുമതലപ്പെടുത്തുന്ന ഏജൻസികൾ അയക്കുന്ന അപേക്ഷകളിൻമേൽ വെരിഫിക്കേഷൻ ഫീസ് ഈടാക്കേണ്ടതാണ് . |
| 3 | എഡ്യൂക്കേഷണൽ ഏജൻസികൾ(കേന്ദ്ര -സംസ്ഥാന അധീനതയിലുള്ളത്) | കേന്ദ്ര/ സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള എഡ്യൂക്കേഷണൽ ഏജൻസികളിൽ നിന്നും നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ | |
| 4 | ഇന്ത്യൻ എയർ ഫോഴ്സ്/ ആർമി/നേവി, നോർക്ക, കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള ഡിപ്പാർട്ട് മെന്റുകൾ | ഇന്ത്യൻ എയർ ഫോഴ്സ്/ ആർമി/നേവി, നോർക്ക ,കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള ഡിപ്പാർട്ട് മെന്റുകൾ എന്നിവിടങ്ങളിൽ നിന്നും നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ | |

തദനുസരണം പരാമർശം ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ-വൈസ് ചാൻസലറുടെ പി .എസ്
2. രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ
3. വിവിധ പരീക്ഷ / അക്കാദമിക് വിഭാഗം സെക്ഷനുകൾ
4. എ.ആർ/ ഡി.ആർ/ ജെ. ആർ (പരീക്ഷ/അക്കാദമിക്/ഫിനാൻസ് )
5. ഐ.റ്റി സെൽ 1/2 / പി ആർ ഓ/ റെക്കോർഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6. അക്കൗണ്ട്സ് 3/5 /ജനറൽ ക്യാഷ് / ഫ്രണ്ട് ഓഫീസ്

7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 31882/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Mar-2023 11:03 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം